ഉത്തരം

(എ) മത്സ്യബന്ധന വകുപ്പിൽ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ നീക്കിവച്ചതും ചെലവഴിച്ചതുമായ തുക പദ്ധതി തിരിച്ച് അനുബന്ധം I ആയും തുറമുഖ വകുപ്പിലെ വിശദവിവരം അനുബന്ധം IV ആയും ചേർത്തിട്ടുണ്ട്.*

(ബി) മത്സ്യബന്ധന വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലിസ്റ്റും ഓരോ പദ്ധതിക്ക് ചെലവഴിച്ച തുകയും അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.* കേന്ദ്രത്തിൽ നിന്നും ഫിഷറീസ് വകുപ്പിന് ലഭിച്ച തുകയുടെ വിവരം അനുബന്ധം III ആയും ചേർത്തിട്ടുണ്ട്.* തുറമുഖ വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നുംതന്നെയില്ല.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം

93 (1798) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കി കമ്മിഷൻ ചെയ്യാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി എന്തെല്ലാം അനുബന്ധ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം മാർച്ച് 2016-ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി ലഭിക്കേണ്ട ജലസേചന സൗകര്യം, വൈദ്യുതീകരണം എന്നിവ അതാത് വകുപ്പുകളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയവ ലഭ്യമായാൽ പ്രസ്തുത തുറമുഖത്തിന്റെ പ്രവർത്തനം പൂർണ്ണമായും കാര്യക്ഷമ മാകുന്നതാണ്.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

94 (1799) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നിർമ്മിക്കുന്നതിന് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly